(ഇ) ഇതനുസരിച്ച് സ്വീകരിച്ചിട്ടുള്ള അനന്തര നടപടി വിശദമാക്കാമോ;

(എഫ്) ഏതെല്ലാം ജില്ലകളിലെ പരീക്ഷയേയും അനുബന്ധകാര്യങ്ങളെയുംപറ്റി ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ട്; അന്വേഷണ ഫലമെന്തായിരുന്നു;

(ജി) പ്രസ്തുത അന്വേഷണ ഫലം പി. എസ്. സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ഉത്തരം

(എ) — (ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ അന്വേഷണം

26 [61] *ഡോ. കെ. സി. ജോസഫ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം എൻ. എസ്. എസ്. ഹയർ സെക്കന്ററി സ്കൂളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ ആ സ്കൂളിലെ അദ്ധ്യാപകൻ പീഡിപ്പിച്ചതായി കുട്ടിയുടെ മാതാപിതാക്കൾ പരാതി നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടിയെ പീഠിപ്പിച്ച അദ്ധ്യാപകനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം ആക്ഷേപം ഉയർന്നിട്ടും അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്;

(ഇ) ഈ പരാതിയിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷണം നടത്തുന്നത്; അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ല പട്ടികജാതി വികസന ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലാ കളക്ടർ, ഡിവൈ. എസ്. പി. എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി സത്വര നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിച്ചു. അടിയന്തിര ചികിൽസാ ധനസഹായമായി ആയിരം രൂപ നൽകി. ഈ വിഷയം 24-9-2004-ൽ കൂടിയ ജില്ലാകളക്ടർ ചെയർമാനായുള്ളതും അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി രൂപീകൃതമായിട്ടുള്ളതുമായ ജില്ലാതലവിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു. പരാതിയുടെ അടിസ്ഥാനത്തിൽ കൈനടി

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷൻ ക്രൈം 40/04യു/ എസ് 377, 376 ഐ. പി. സി. ആന്റ് സെക്ഷൻ 3(1) (XII) ഓഫ് എസ്. സി. /എസ്. റ്റി. ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതും തുടർന്ന് 10-11-2004 തീയതി റീ നംബർ ചെയ്ത് 439/സി. ആർ./04 പ്രകാരം സി. ബി. സി. ഐ. ഡി. ആലപ്പുഴ യൂണിറ്റ് അന്വേഷണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) കേസ്സ് അന്വേഷണാവസ്ഥയിലാണ്. ലഭ്യമായ എല്ലാ തെളിവുകളും വിശകലനം നടത്തിയശേഷം പ്രതിയെ അറസ്റ്റ് ചെയ്യുന്നതാണ്.

(ഇ) പ്രസ്തുത കേസ്സ് സി.ബി.സി.ഐ.ഡി. ആലപ്പുഴ ഡിവൈ.എസ്.പി., റ്റി. ജയിംസ് അന്വേഷണം നടത്തുന്നു. എല്ലാ തെളിവുകളും വിശകലനം ചെയ്ത് വിശദമായ അന്വേഷണം തുടർന്നുവരുന്നു. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം

27 [64] *ശ്രീ. വി. ചെന്താമരാക്ഷൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ സർക്കാർ പ്രഖ്യാപിച്ച ജുഡീഷ്യൽ അന്വേഷണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയും ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ചീഫ് ജസ്റ്റിസിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടാണെന്ന് ചീഫ് ജസ്റ്റിസ് അറിയിച്ചതിനെത്തുടർന്ന് ഒരു റിട്ടയേർഡ് ജഡ്ജിയുടെ സേവനം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly